# ഇരുപതാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവർ

ഡോ. സ്കറിയാ സക്കറിയ

കേരളീയ നവോത്ഥാനത്തിൻെറ ഭാഗമായി ക്രൈസ്തവ സമൂഹത്തിലുണ്ടായ മാറ്റങ്ങളും ഈ നൂറ്റാണ്ടിലെ പ്രതികരണങ്ങളും സാമാന്യമായി സൂചിപ്പിക്കാനാണ് ഇവിടെ ഉദ്യമിക്കുന്നത്. അതിൽ തന്നെ ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ മറ്റൊരു ലേഖനത്തിൻെറ വിഷയമായതുകൊണ്ട് ഇവിടെ പരാമർശിക്കുന്നില്ല.

ക്രൈസ്തവ സമൂഹത്തിൻെറ ആശയാദർശങ്ങളും ചലനങ്ങളും വിവരിക്കുമ്പോൾ പൊതുവേ കാണുന്ന ഒരു ദൗർബല്യം ആദ്യമേ തന്നെ സൂചിപ്പിക്കട്ടെ. ക്രൈസ്തവ സഭകൾക്ക് ശ്രേണീബദ്ധമായ ഭരണ സംവിധാനമുള്ളതു കൊണ്ട് സഭാനേതൃത്വത്തിൻെറ വാക്കും പ്രവൃത്തിയുമാണ് ക്രൈസ്തവ സമുദായത്തിൻെറ ചരിത്ര വിഭവങ്ങളായി പരിഗണിക്കപ്പെടുന്നത്. രാജാക്കൻമാരുടെ ചരിത്രമല്ല, ജനങ്ങളുടെ ചരിത്രം എന്നു തിരിച്ചറിഞ്ഞിട്ടുള്ളവർ പോലും ക്രൈസ്തവ സമൂഹ വിവരണത്തിനു മതനായകരുടെ നടപടികളെ നിരന്തരം ആശ്രയിക്കുന്നു. കേരളത്തിലെ മറ്റേതു മത വിഭാഗത്തിലുമെന്ന പോലെ അനുദിന ജീവിതത്തിൽ സാധാരണക്കാരായ ക്രൈസ്തവർ തങ്ങളുടെ സാമൂഹിക സാമ്പത്തിക താൽപര്യങ്ങളും അഭിരുചികളുമനുസരിച്ചു തീരുമാനം എടുക്കുന്നു എന്നു തിരിച്ചറിയാൻ ചില ഉദാഹരണങ്ങൾ ഓർമ്മിച്ചാൽ മതി.

## വിലക്കുകൾ മറികടക്കുന്നു

കോളനിവാഴ്ചക്കാലത്തു പോർച്ചുഗീസുകാർ സംഘടിപ്പിച്ച ഉദയമ്പേരൂർ സുനഹദോസാണ് (1599) ആഗോള ക്രൈസ്തവ കൂട്ടായ്മയുമായി കേരള നസ്രാണികളെ ബലമായി കൂട്ടിക്കെട്ടിയത്. പ്രസ്തുത സുനഹദോസിൽ മതവിശ്വാസം, അനുഷ്ഠാനം, സഭാ ഭരണം, സാമൂഹിക സാമ്പത്തിക ജീവിതം തുടങ്ങിയ കാര്യങ്ങളിൽ തീർപ്പുകളുണ്ടാക്കി. അവയാണ് ഉദയമ്പേരൂർ സുനഹദോസിൻെറ കാനോനകൾ. പ്രസ്തുത കാനോനകൾ ഇന്നു വായിച്ചുനോക്കുമ്പോൾ മതപരമായ വിലക്കുകൾ മറികടന്നു നസ്രാണികൾ എങ്ങനെ തങ്ങളുടെ സാമൂഹിക സാമ്പത്തിക ശീലങ്ങൾ നിലനിറുത്തി എന്നു മനസിലാകും. രണ്ടുകാര്യങ്ങൾ പരിഗണിക്കാം. ഒന്ന് പിന്തുടർച്ചാവകാശം. നസ്രാണിക്കുടുംബങ്ങളിൽ ആൺമക്കൾക്കൊപ്പം പെൺമക്കൾക്കും സ്വത്തവകാശം ഉണ്ടാകണം എന്നു സുനഹദോസ് തീരുമാനിച്ചിരുന്നു. നാന്നൂറു വർഷം കഴിഞ്ഞു. വെള്ളക്കാരും നാട്ടുകാരും മാറി മാറി പുരോഹിതരും ബിഷപ്പുമാരുമായി മതഭരണം നടത്തി. നസ്രാണികൾക്ക് സുറിയാനി ക്രിസ്ത്യാനികൾ എന്നു മറുപേരു നൽകാൻ കൂടി കഴിഞ്ഞു. എന്നിട്ടും നസ്രാണിയുടെ സ്വത്തിൽ പെൺകുട്ടിക്കു പിന്തുടർച്ചാവകാശം നൽകാതെ പഴയ പതിവ് ലാഭകരമായി മുന്നോട്ടു കൊണ്ടുപോവാൻ അവർക്കു കഴിഞ്ഞു.

രണ്ടാമതൊരു കാര്യം സുനഹദോസ് അനുശാസിച്ചതു തീണ്ടലും തൊടീലും അവസാനിപ്പിക്കണം എന്നാണ്. കേരളത്തിൽ കീഴാളർ ആഞ്ഞടിക്കുന്നതു വരെ നസ്രാണികളും ഈ ദുരാചാരം പിന്തുടർന്നു. ഇന്നു മനസിലെങ്കിലും സുറിയാനി ക്രിസ്ത്യാനികൾ/നസ്രാണികൾ ബ്രാഹ്മണ്യം നുണയുന്നുണ്ടെന്നു അവരുടെ കുടുംബ ചരിത്രങ്ങൾ വായിച്ചാൽ മനസിലാകും. മാത്രമല്ല, സുറിയാനി ക്രിസ്ത്യാനികൾ, ലത്തീൻ കത്തോലിക്കർ എന്ന വിഭജനം പ്രായോഗിക തലത്തിൽ ജാതിഭേദം തന്നെയാണ്.

പോർത്തുഗീസുകാരും ബ്രിട്ടീഷുകാരും കൊളോണിയൽ ഭരണത്തിൻെറ കരുത്തു കാട്ടിയിട്ടു കൂടി നസ്രാണികൾ എങ്ങനെ തങ്ങളുടെ ജാതിവ്യവസ്ഥ നിലനിറുത്തി എന്നു മനസിലാക്കാൻ 'കൊളിൻസ് മദാമ്മയുടെ ഘാതക വധം' എന്ന ആദ്യകാല മലയാള നോവൽ വായിക്കുക. ഈ നൂറ്റാണ്ടിൻെറ പൂർവാർധത്തിൽ നസ്രാണി

**ക്രൈസ്തവ സമുദായത്തിലുണ്ടായ പരിഷ്കാരങ്ങളും പരിണാമങ്ങളും പരിശോധിക്കുന്ന ലേഖകൻ സമുദായത്തിൻെറ പല സവിശേഷതകളിലേക്കും ശ്രദ്ധക്ഷണിക്കുന്നു**

കത്തോലിക്കർ വെള്ളക്കാരായ മെത്രാൻമാരുടെയും നാട്ടുകാരായ പരിഷ്കർത്താക്കളുടെയും നിർബന്ധങ്ങളെ അവഗണിച്ചുകൊണ്ട് എങ്ങനെ ദളിതരെ ക്രൈസ്തവ കൂട്ടായ്മയിൽ നിന്നു ഒഴിവാക്കി എന്ന് മനസിലാക്കാൻ പാലാക്കുന്നേൽ വല്യച്ചൻെറ 'നാളാഗമം' വായിച്ചാൽ മതി.

മതപരമായ കൽപനകളെയും മതാധികാരികളെയും സാമൂഹിക സാമ്പത്തിക സ്പർശമുള്ള പ്രശ്നങ്ങളിൽ നസ്രാണികൾ എങ്ങനെ മറികടക്കുന്നു എന്ന് സൂചിപ്പിക്കാൻ മറ്റൊരു ഉദാഹരണം കൂടി പരിഗണിക്കുക. കത്തോലിക്ക സഭയുടെ ധാർമ്മിക കാൽപനയനുസരിച്ചു കൃത്രിമ ഉപാധികൾ വഴിയുള്ള ജനനനിയന്ത്രണം കൊടുംപാപമാണ്. സക്കറിയ ഒരു ലേഖനത്തിൽ സൂചിപ്പിക്കുന്നതു പോലെ തീ നരകം കാട്ടി ഭീഷണിപ്പെടുത്തിയിട്ടും ഇപ്പോൾ നസ്രാണി സ്ത്രീകൾ തുടരെ പെറാൻ വിസമ്മതിക്കുന്നു. വളർച്ച നിരക്ക് ഏറ്റവും കുറവുള്ള ഒരു സമൂഹമായി കഴിഞ്ഞ 50 വർഷത്തിനുള്ളിൽ നസ്രാണികൾ മാറിയിരിക്കുന്നു.

## രാഷ്ട്രീയ രംഗത്തെ സ്വാതന്ത്ര്യം

രാഷ്ട്രീയ കാര്യങ്ങളിലും മതനേതാക്കളെ വിട്ട് സ്വതന്ത്രമായി ചിന്തിക്കുന്ന സ്വഭാവം നസ്രാണികൾക്കുണ്ട്. കോൺഗ്രസിനോടും കേരള കോൺഗ്രസിനോടുമുള്ള അവരുടെ പക്ഷപാതം മതനായകരുടെ തീട്ടൂരത്തിൻെറ ഫലമാണെന്നു പല ഇടതുപക്ഷ പ്രവർത്തകരും ബുദ്ധിജീവികളും എഴുതിക്കണ്ടിട്ടുണ്ട്. ഇത് സാധൂകരിക്കാനാവില്ല. തങ്ങളുടെ സാമൂഹിക സാമ്പത്തിക താൽപര്യങ്ങൾക്കു സഹായകമെന്നു അവർ കരുതുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്ന നിലയിലാണ് ഈ ആഭിമുഖ്യം വിശദീകരിക്കേണ്ടത്. മതവിശ്വാസികൾ എന്ന നിലയിൽ അവർ മതവിരുദ്ധരെന്നു മുദ്രകുത്തപ്പെട്ടവരെ ഭയപ്പെടുന്നത് സ്വാഭാവികം. മറിച്ച് അവരെ ബോധ്യപ്പെടുത്താൻ, അവരുടെ വർഗ താൽപര്യങ്ങൾ തെളിച്ചുകാട്ടാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടില്ല. ഇങ്ങനെ വിശാല പശ്ചാത്തലത്തിൽ ചർച്ച ചെയ്യേണ്ട രാഷ്ട്രീയ പക്ഷപാതത്തെ വെറും മതവിധേയത്വമായി തള്ളിക്കളയുന്നതു ശരിയാവില്ല. പല സന്ദർഭങ്ങളിലും മെത്രാൻമാരുടെ ഉപദേശം മറികടന്നു കത്തോലിക്കർ പോലും വോട്ട് ചെയ്ത് എതിർചേരിക്കാരെ ജയിപ്പിച്ചിട്ടുണ്ട്. കോൺഗ്രസും കേരള കോൺഗ്രസും എതിർചേരികളിൽ നിന്ന് മത്സരിച്ചപ്പോൾ മെത്രാൻെറ ഉപദേശം അവഗണിച്ച് എതിർസ്ഥാനാർത്ഥിയെ ജയിപ്പിച്ച ചരിത്രം പാലാ നിയമസഭാ മണ്ഡലത്തിനുണ്ട്. തൃശൂരിലുമുണ്ട് ഇത്തരം സംഭവങ്ങൾ.

ചുരുക്കത്തിൽ, മറ്റേതു കൂട്ടായ്മയുടെ കാര്യത്തിലുമെന്ന പോലെ ക്രൈസ്തവരെയും പല അടരുകളുള്ള ഒരു സമൂഹമായി തിരിച്ചറിഞ്ഞിട്ടു വേണം അവരുടെ സാമൂഹികാഭിമുഖ്യങ്ങളെ വിലയിരുത്താൻ. മതനേതൃത്വം സ്വാഭാവികമായും ക്രൈസ്തവരെ ഏകശിലാരൂപമായ മതസംഘമായി കാണുകയും മതത്തിൻെറ അച്ചുതണ്ടിലാണ് ജീവിതം കറങ്ങുന്നതെന്നു പ്രചാരണ പ്രവർത്തനങ്ങളിലൂടെ എല്ലാവരെയും ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രയോഗത്തിൽ ക്രൈസ്തവർ ഇതു അംഗീകരിക്കുന്നില്ല എന്നു തിരിച്ചറിയാൻ കോളനീകരണം മുതൽ ഇന്നോളമുള്ള ചരിത്രം പരിശോധിച്ചാൽ മതി. ക്രൈസ്തവ സമൂഹ ചരിത്രത്തെ മതചരിത്രം മാത്രമായി വെട്ടിച്ചുരുക്കാതെ സാമ്പത്തിക സാമൂഹിക സാംസ്കാരിക ചരിത്രമായി കൂടി മനസിലാക്കണം.

ഉദാഹരണത്തിന് സ്വാതന്ത്ര്യ സമരവും ക്രിസ്ത്യാനികളും എന്ന വിഷയം പരിഗണിക്കുക. മതനേതാക്കളിലൂടെ ഈ വിഷയം പരിഗണിച്ചാൽ വട്ടപ്പൂജ്യമായിരിക്കും സ്വാതന്ത്ര്യ സമരത്തിൽ ക്രൈസ്തവ പങ്കാളിത്തം. മറിച്ച് കോൺഗ്രസിൻെറ കേരളത്തിലെ ചരിത്രം വായിച്ചു നോക്കണം. സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി കേരളത്തിലുണ്ടായ മുന്നേറ്റങ്ങളിൽ നാട്ടുരാജ്യങ്ങളായ കൊച്ചിയിലെയും തിരുവിതാംകൂറിലെയും പ്രസ്ഥാനങ്ങളിൽ–അവിടെയാണല്ലോ ഏറെ ക്രിസ്ത്യാനികളുള്ളത് – അവിസ്മരണീയമായ പങ്ക് ക്രൈസ്തവർക്കുണ്ട്. ബാരിസ്റ്റർ ജോർജ് ജോസഫ്, ആനി മസ്ക്രീൻ, അക്കമ്മ ചെറിയാൻ, എം.എം വർക്കി, ടി.എം വർഗീസ്, ആർ.വി തോമസ് എന്നിങ്ങനെ തിളക്കമേറിയ പേരുകൾ ഏറെയുണ്ട്. ഇടതുപക്ഷ സാഹസിക പ്രസ്ഥാനങ്ങളിലും ക്രിസ്ത്യാനികളുണ്ട്. സ്വാതന്ത്ര്യ സമരത്തിനിടയിൽ ഏറെ നഷ്ടം സഹിച്ച സ്ഥാപനങ്ങളിലും വ്യക്തികളിലും നാഷണൽ ക്വയിലോൺ ബാങ്കും മാമ്മൻ മാപ്പിളയും ഉൾപ്പെടും.

തിരുവിതാംകൂറിൽ ഏറ്റവും ശക്തമായ ദേശീയ പ്രക്ഷോഭണമുണ്ടായ മേഖലകളിൽ പാലാ പോലെ ക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്നു. അത്തരം പ്രദേശങ്ങളിൽ രാഷ്ട്രീയ പ്രവർത്തകർ എപ്പോഴും സഭാധികാരികളുടെ കണ്ണിൽ കരടുകളായിരുന്നു. അക്കമ്മ ചെറിയാൻ, കെ.എം ചാണ്ടി തുടങ്ങിയവരൊക്കെ ഏതെങ്കിലും ഘട്ടത്തിൽ പാലായിലെ സഭാ നേതൃത്വത്തിൻെറ അഹിതം ഏറ്റിട്ടുള്ളവരാണ്. ക്രൈസ്തവ സമൂഹത്തിൽ നിന്നു പേരിനെങ്കിലും ഒരാൾ മുഖ്യമന്ത്രിയായതു എ.കെ ആൻറണിയാണ്. അദ്ദേഹവും സഭാനേതൃത്വവും തമ്മിലുള്ള ബന്ധം പരക്കെ അറിവുള്ളതാണല്ലോ! ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചിട്ടു വേണം ക്രൈസ്തവർ = ക്രൈസ്തവ സഭാ നേതൃത്വം എന്ന സമവാക്യം അംഗീകരിക്കാനും അതടിസ്ഥാനമാക്കിയുള്ള സിദ്ധാന്തീകരണം നടത്താനും.

## വിദ്യാഭ്യാസവും കുടിയേറ്റവും

ഇരുപതാം നൂറ്റാണ്ടിൽ കേരള ക്രൈസ്തവ സമൂഹത്തിലുണ്ടായ ഏറ്റവും വലിയ ചലനങ്ങൾ പാശ്ചാത്യ മാതൃകയിലുള്ള വിദ്യാഭ്യാസവും കുടിയേറ്റവുമായിരുന്നു. ഇവ രണ്ടും ഇന്നത്തെ ക്രൈസ്തവരുടെ ആത്മബോധത്തെ രൂപപ്പെടുത്തുന്നതിൽ സാരമായ പങ്കു വഹിച്ചു. ഒരു നൂറ്റാണ്ടിനിടയിലുണ്ടായ സാമ്പത്തിക ക്ഷോഭങ്ങളെ അതിജീവിക്കാൻ നസ്രാണികളെ സഹായിച്ചതു ഈ രംഗത്തെ കുതിപ്പുകളാണ്. ഇവ മഹാസംഭവങ്ങളായി പരിഗണിച്ച് ക്രൈസ്തവ സമൂഹത്തിൻെറ അതിജീവന ചരിത്രം ആഖ്യാനം ചെയ്യാൻ ആരും ശ്രമിച്ചിട്ടില്ല.

ദേശ ചരിത്രങ്ങൾ ഈ വഴിക്കു ക്രൈസ്തവരുടെ പങ്കാളിത്തത്തെ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. പൗര സമൂഹത്തിൻെറ ഭാഗമായി ഉപസമൂഹങ്ങളെ അവതരിപ്പിക്കുന്ന ചരിത്ര ശൈലി ഇപ്പോഴും ചരിത്രത്തിൻെറ പ്രാന്തങ്ങളിലാണ്. ബൃഹദാഖ്യാനങ്ങളാൽ ഇപ്പോഴും മുഖ്യധാരയിൽ.

## പാശ്ചാത്യ ആധിപത്യം

കുലത്തൊഴിലെന്ന നിലയിൽ വാണിജ്യത്തിലായിരുന്നു നസ്രാണികൾക്ക് താൽപര്യം. ഉൾനാടുകളിൽ എത്തിച്ചേർന്നവർ പോലും അവിടെ അങ്ങാടി വച്ചു പാർക്കാൻ താൽപര്യപ്പെട്ടിരുന്നതായി പഴയ രേഖകളി

**ആഗോള തലത്തിലുണ്ടാകുന്ന പുനർവിചിന്തനങ്ങളുടെ ഭാഗമായി കത്തോലിക്ക സഭയിലുണ്ടാകുന്ന നവീകരണ ശ്രമങ്ങൾ ഇവിടെയും കടന്നുവരാറുണ്ടെങ്കിലും അധികാര ശ്രേണിയിൽ പാശ്ചാത്യ ഏകാധിപത്യ ക്രമം തന്നെ അഭംഗുരം നിലനിൽക്കുന്നു.**

ൽ കാണാം. നാടുവാഴികൾ വാണിജ്യ കാര്യങ്ങളിൽ തൽപരരായ നസ്രാണികളെ തങ്ങളുടെ നാടുകളിൽ കുടിപാർക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അത്തരം അങ്ങാടികളിൽ മതപരമായ കാര്യങ്ങൾക്കു വേണ്ടി കയ്യിൽ നിന്നു പണം നൽകി പള്ളി പണിയിക്കുന്ന പാരമ്പര്യം നസ്രാണികൾക്കുണ്ടായിരുന്നു. പള്ളിഭരണം, പള്ളി പണിയിച്ച സമൂഹത്തിന്റെ നിയന്ത്രണത്തിലായിരുന്നു. പള്ളിയോഗം എന്ന കുടുംബ പ്രതിനിധിയോഗമാണ് പട്ടക്കാരെ തെരഞ്ഞെടുത്തിരുന്നതും അച്ചടക്ക നടപടികൾ നടപ്പിലാക്കിയിരുന്നതും. ഇതൊന്നും കടന്നു കയറ്റക്കാരായ പാശ്ചാത്യ ക്രൈസ്തവർക്ക് കേട്ടറിവു പോലുമുള്ള സംഗതികളായിരുന്നില്ല. അവർ പ്രഭുക്കൻമാരും രാജാക്കൻമാരും നിർമ്മിച്ചു കൊടുത്തതും മെത്രാനും മാർപ്പാപ്പയും ചേർന്നു അടക്കിവാഴുന്നതുമായ പള്ളികളെപ്പറ്റിയേ കേട്ടിരുന്നുള്ളൂ. അവർ കേരളീയ പാരമ്പര്യങ്ങളെ ബലമായി അമർച്ച ചെയ്തു. മെത്രാൻമാരെ ആത്മീയ ശുശ്രൂഷകർ എന്ന പദവിയിൽ നിന്നു ഭരണാധികാരികളാക്കി മാറ്റി.

കോളനിവാഴ്ച അവസാനിച്ചിട്ടും കേരള ക്രൈസ്തവരിൽ കത്തോലിക്ക വിഭാഗത്തിൽ ഇപ്പോഴും രാജകീയ മെത്രാൻ വാഴ്ച തുടരുന്നു. ഇതിനെതിരെ കലാപങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നുമുണ്ട്. മറ്റു ക്രൈസ്തവ സമൂഹങ്ങളാകട്ടെ കൂനൻ കുരിശു കലാപത്തിനു ശേഷം പഴയ പള്ളിയോഗ ഭരണം പുനസ്ഥാപിച്ചു. എന്നാൽ, രാജകീയ മെത്രാൻ വാഴ്ചയുള്ള കത്തോലിക്ക സഭയുടെ സ്ഥാപനരൂപത്തിലുള്ള വളർച്ച മറ്റു സഭകളിലും അധികാരപരമായ പ്രലോഭനങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കത്തോലിക്ക സഭയിലെ അച്ചടക്കമാണ് അവരുടെ വളർച്ചയ്ക്കു കാരണം. അവരുടെ സമ്പ്രദായമാണ് കെട്ടുറപ്പുള്ളത് എന്ന് അതിമോഹത്തോടെ നെടുവീർപ്പിടുന്ന പുരോഹിത പ്രമാണികൾ മറ്റുസഭകളിലുണ്ട്. എങ്കിലും പാരമ്പര്യത്തിന്റെ ബലത്തിൽ ജനങ്ങൾ ഏകാധിപത്യ പ്രവണതകളെ ചെറുത്തുനിൽക്കുകയാണ്. സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ വികസനമേ മാന്യമായ വളർച്ചയാകൂ എന്ന തിരിച്ചറിവു അവർക്കു മനക്കരുത്തു നൽകുന്നു.

ആഗോള തലത്തിലുണ്ടാകുന്ന പുനർവിചിന്തനങ്ങളുടെ ഭാഗമായി കത്തോലിക്ക സഭയിലുണ്ടാകുന്ന നവീകരണ ശ്രമങ്ങൾ ഇവിടെയും കടന്നുവരാറുണ്ടെങ്കിലും അധികാര ശ്രേണിയിൽ പാശ്ചാത്യ ഏകാധിപത്യ ക്രമം തന്നെ അഭംഗുരം നിലനിൽക്കുന്നു. ആരാധന ഭാഷ മലയാളമായി, ദേവാലയ സംഗീതം കേരളീയമായി. പക്ഷേ, അധികാര സംവിധാനത്തിൽ മാത്രം മാറ്റമില്ല. മെത്രാൻ നിയമനിർമ്മാതാവും നിർവാഹകനും ന്യായാധിപനുമാണ് എന്നു വിധിക്കുന്ന കനാൻ നിയമമാണ് കത്തോലിക്കരുടെ മത ജീവിതത്തിന്റെ ഭരണഘടന. അതിൽ നിയമ വാഴ്ചയുണ്ട്. പക്ഷേ അതു ജനാധിപത്യയുഗത്തിലെ സമത്വ ചിന്തയുമായി പൊരുത്തപ്പെടുന്നില്ല.

കേരള കത്തോലിക്കർ ഒരേസമയം ഏകാധിപത്യ ഭരണം, മതമണ്ഡലത്തിലും ജനാധിപത്യ ക്രമം പൊതുജീവിതത്തിലും അനുഭവിക്കുന്നു. ഇത്തരം പകർന്നാട്ടം അവരുടെ വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും പല തരത്തിലുള്ള സംഘർഷങ്ങൾക്കും വഴി തെളിയിക്കുന്നു. ന്യൂനപക്ഷാവകാശങ്ങൾക്കു വേണ്ടി പൊതുവേദികളിൽ പ്രസംഗിക്കുകയും കോടതികളിൽ വ്യവഹാരം നടത്തുകയും ചെയ്യുന്ന കത്തോലിക്ക മെത്രാൻ സ്വന്തം മത സമൂഹത്തിലെ ന്യൂനപക്ഷാഭിപ്രായക്കാരെ ചതുരുപായങ്ങൾ കൊണ്ടു അമർച്ച ചെയ്യുന്നു. ജനാധിപത്യത്തിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്നവർ സഭയിൽ ജനാധിപത്യമില്ല എന്നു അടക്കം പറയുന്നു. തങ്ങൾക്കു നിയന്ത്രണമുള്ള സ്ഥാപനങ്ങളിൽ നിന്നു ജനാധിപത്യ സംവിധാനങ്ങളെ കുടിയിറക്കുന്നു. പോപ്പിനെ തെരഞ്ഞെടുക്കാൻ കർദ്ദിനാളൻമാർക്ക് വോട്ട് ചെയ്യാം. ശ്രേഷ്ഠ മെത്രാപ്പോലീത്തയെ തെരഞ്ഞെടുക്കാൻ മെത്രാൻമാർക്ക് വോട്ടു ചെയ്യാം. സഭയുടെ വിശ്വാസപ്രമാണ രേഖകൾ ചർച്ച ചെയ്തു വോട്ടിനിട്ടു മെത്രാൻമാർക്കു തീരുമാനിക്കാം. എന്നാൽ സാധാരണക്കാർക്കു വൈദികന്റെയോ വൈദികർക്കു മെത്രാന്റെയോ തെരഞ്ഞെടുപ്പിൽ അഭിപ്രായം പറഞ്ഞു കൂടാ. അതു ദൈവഹിതത്തിനു നിരക്കാത്തതാണ് എന്ന വാദം പ്രകടമായ വൈരുധ്യം കൊണ്ടും അധികാര വ്യഗ്രതകൊണ്ടും കത്തോലിക്ക സമുദായത്തിൽ ആത്മസംഘർഷമായി വളരുന്നു. ഇത്തരം ഇരട്ടത്താപ്പു നയം കേരള ക്രൈസ്തവ പാരമ്പര്യങ്ങൾക്കു വിരുദ്ധമായതുകൊണ്ട് കോളനിയനന്തര ഘട്ടത്തിൽ ഇതു കൂടുതൽ കരുത്തുറ്റ വിമർശനങ്ങൾ നേരിടുകയാണ്.

## സന്യാസ സഭകൾ

രാജകീയ സംവിധാനങ്ങൾ നിലനിൽക്കെ തന്നെ കത്തോലിക്ക സഭ വെറും കെട്ടിയടച്ച സമൂഹമായി അധപതിക്കാതെ നിൽക്കുന്നതു അതിന്റെ ആഗോള സ്വഭാവം കൊണ്ടും നിയമവാഴ്ചയുടെ കർക്കശത കൊണ്ടും മെത്രാൻമാരുടെ കർക്കശ നിയന്ത്രണത്തിലല്ലാത്ത സന്യാസ സഭകളുടെ വൈവിധ്യ പൂർണമായ ഇടപെടലുകൾ കൊണ്ടുമാണ്. സന്യാസ സഭകളിൽ തലവനെയും ഭരണ സമിതികളെയും തെരഞ്ഞെടുക്കുന്നതു സന്യാസികൾ സ്വതന്ത്രമായി വോട്ടു ചെയ്തിട്ടാണ് എന്നു കൂടി ഓർമ്മിക്കണം.

കേരളത്തിലെ കത്തോലിക്ക സ്ഥാപനങ്ങളിൽ നല്ലൊരു ഭാഗം സന്യാസിമാരുടേതാണ്. അവരുടെ വൈചിത്ര്യവും പോരുകളും സാധാരണ കത്തോലിക്കർക്കു പോലും നിശ്ചയമില്ല. ഏതായാലും സന്യാസ സഭകളുടെ വൈവിധ്യം കത്തോലിക്ക ഭരണത്തിന്റെ ഏകതാനതയെ ഒരു പരിധി വരെയെങ്കിലും ചഞ്ചലമാക്കുന്നു. വിമോചന ദൈവശാസ്ത്രത്തെയും അനുബന്ധ സംരഭങ്ങളെയും സഭാധികാരികൾ കർക്കശമായി എതിർത്തപ്പോൾ സന്യാസ സംഘങ്ങളാണ് വിമോചന പ്രവർത്തകർക്കു കുറെയെങ്കിലും തണലായത്. താരതമ്യേന ചിന്താപരമായ സ്വാതന്ത്ര്യവും സന്യാസികൾക്കു കൂടുതലുണ്ട്. സ്ഥാപന സമ്പത്തിലും ആൾ ബലത്തിലും അവർ കത്തോലിക്ക സഭയിലെ പ്രമുഖ ശക്തിയായി കേരളത്തിൽ വളർന്നതു ഈ നൂറ്റാണ്ടിലാണ്.

**ന്യൂനപക്ഷാവകാശങ്ങൾക്കു വേണ്ടി പൊതുവേദികളിൽ പ്രസംഗിക്കുകയും കോടതികളിൽ വ്യവഹാരം നടത്തുകയും ചെയ്യുന്ന കത്തോലിക്ക മെത്രാൻ സ്വന്തം മത സമൂഹത്തിലെ ന്യൂനപക്ഷാഭിപ്രായക്കാരെ ചതുരുപായങ്ങൾ കൊണ്ടു അമർച്ച ചെയ്യുന്നു.**

## വിദ്യാഭ്യാസ പ്രവർത്തനം

പൊതു സമൂഹത്തിൽ 'കാര്യക്ഷമമായ' വിദ്യാഭ്യാസ പ്രവർത്തനമാണ് ക്രൈസ്തവരുടേത്. മിഷനറി പാരമ്പര്യമുള്ള കാര്യക്ഷമതയാണ് ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുഖമുദ്ര. ചിട്ടയായ അധ്യയനം, അച്ചടക്കം, ഉയർന്ന പരീക്ഷാ വിജയം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ ഇന്നും ക്രൈസ്തവ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ജനാധിപത്യ യുഗത്തിലെ താൻപോരിമയും രാഷ്ട്രീയ ബോധവും നീതിബോധവുമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിൽ ഈ സ്ഥാപനങ്ങൾക്കുള്ള പങ്ക് എന്താണ്?

സമൂഹത്തിന്റെ ബൂർഷ്വാ സ്വീകരണത്തിനാണോ ജനാധിപത്യവൽക്കരണത്തിനാണോ ക്രൈസ്തവ വിദ്യാലയങ്ങളും അവയുടെ മാതൃകയിൽ പ്രവർത്തിക്കുന്ന ക്രൈസ്തവേതരുടെ സ്ഥാപനങ്ങളും ഉപകരിക്കുന്നതു എന്ന ചോദ്യം പ്രസക്തമാണ്.



അക്കമ്മാചെറിയാൻ

ജനാധിപത്യ ക്രമവും അക്കാദമിക് ഗുണമേൻമയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊരുത്തപ്പെട്ടു പോകുകയില്ല എന്ന മിഥ്യാ പ്രതീതി ജനിപ്പിക്കാൻ കൂടി ഉന്നത വിജയം നേടുന്ന ചില ക്രൈസ്തവ വിദ്യാലയങ്ങൾ നിമിത്തമാകാറുണ്ട്. ജനാധിപത്യത്തിൻെറ ആണിക്കല്ലിളക്കി ഏകാധിപത്യത്തിനും പട്ടാള വാഴ്ചയ്ക്കും വഴിയൊരുക്കുന്ന ആശയാവലിയാണ് ഇതെന്നു ഓർമ്മിക്കേണ്ടിയിരിക്കുന്നു.

ഇത്തരം പൊതു പ്രവണതകൾക്കും ശക്തമായ അപവാദങ്ങൾ അക്കാലത്തും ക്രൈസ്തവ സമൂഹത്തിലുണ്ട് എന്ന കാര്യം കൂടി ഓർമ്മിക്കണം. വിദ്യാഭ്യാസമടക്കമുള്ള രംഗങ്ങളിൽ പലതരം സാഹസിക പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. നഗരത്തിലെ മഹാസ്ഥാപനങ്ങൾ വിട്ടൊഴിഞ്ഞു ഗ്രാമത്തിലേക്കും ആദിവാസി പ്രദേശങ്ങളിലേക്കും മാറി ചെറിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ ചില സന്യാസികൾ ഒരുമ്പെടുന്നു. ക്രൈസ്തവാദർശങ്ങളാൽ പ്രചോദിതരായി സാധാരണക്കാരായ ക്രൈസ്തവർ അങ്ങിങ്ങു നടത്തുന്ന ജീവകാരുണ്യ പ്രസ്ഥാനങ്ങളും പുതിയൊരു ദിശാബോധമാണ് വെളിവാക്കുന്നത്. മതാധികാരത്തിൻെറ പണക്കൊഴുപ്പിനും സ്വാധീനത്തിനും സംഘടനാ പാടവത്തിനും പുറത്ത് ആദർശശാലികൾക്കു ജീവകാരുണ്യപരമായ ക്രൈസ്തവ ധർമ്മം പ്രാവർത്തികമാക്കാം എന്നു വരുന്നതു പ്രധാനപ്പെട്ട കാര്യമാണ്.

## ആരോഗ്യരംഗം

മിഷനറി പാരമ്പര്യത്തിൽ ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച ആശുപത്രികൾ പെട്ടെന്നു വളർച്ച നേടിയെങ്കിലും ഇപ്പോൾ വളർച്ച നില നിറുത്താൻ മിഷനറി ചൈതന്യം ഉപേക്ഷിക്കേണ്ടി വരുന്നു. സാധാരണക്കാർക്ക് അപ്രാപ്യമായ ഗുണമേൻമയുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ സമ്പന്നരുടെ വിശ്രമത്താവളങ്ങളായിട്ടുണ്ട്, പല ക്രൈസ്തവ ആശുപത്രികളും. ഇനിയെന്താണ് ചെയ്യേണ്ടത് എന്ന ചിന്ത ശക്തമായിരിക്കുന്നു. ഡോക്ടർമാരെ പ്രലോഭിപ്പിച്ചു നിർത്താൻ കള്ളപ്പണം നൽകേണ്ടിവരിക, സംവിധാനങ്ങൾ കാലോചിതമാക്കാൻ മുതലിറക്കി മുതലും പലിശയും വീണ്ടെടുക്കാൻ കനത്ത ബില്ലു നൽകി പാവപ്പെട്ട രോഗികളെ പിഴിയുക തുടങ്ങിയ ധർമ്മസങ്കടങ്ങൾ നിമിത്തം ചില സന്യാസ സഭകൾ ആശുപത്രികൾ മറ്റുള്ളവർക്കു വിട്ടു കൊടുത്തു സമാന്തര വൈദ്യ സേവനങ്ങളിലേക്കു നീങ്ങിയിട്ടുണ്ട്. കേരളത്തിൻെറ ഉപഭോഗ വ്യഗ്രതയ്ക്കു വൈദ്യശാസ്ത്ര രംഗത്തു തുണയാകേണ്ട എന്നാണവരുടെ നിലപാട്. ക്രൈസ്തവ സമൂഹത്തിന്, അവരുടെ മാതൃകയിൽ കൂറ്റൻ സ്ഥാപനങ്ങൾ പടുത്തുയർത്തിയ മറ്റു സേവന സംഘടനകൾക്ക് വമ്പൻ ആശുപത്രികൾ ഇപ്പോൾ മൂല്യ പ്രതിസന്ധിയുടെ രംഗമാണ്.

പഞ്ചനക്ഷത്ര ഹോട്ടൽ ശൈലിയിലുള്ള വിദ്യാലയങ്ങളും ആശുപത്രികളും സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങളിൽ നിന്നു ക്രൈസ്തവ മത നേതൃത്വത്തെ വിടർത്തി എതിർനിരയിലേക്കു കൊണ്ടുപോകുന്നു. ഇതു സമുദായത്തിലും സഭയിലും സജീവമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ രംഗത്തെ നവാഗതർ പഴമക്കാരുടെ പാഠങ്ങൾ ഗൗനിക്കുന്നില്ലെന്നു തോന്നുന്നു. മുതലാളിത്ത ശൈലിയിലുള്ള സേവന സ്ഥാപനങ്ങൾ ഒരു അവികസിത സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും പൊതു സമൂഹം ചർച്ച ചെയ്യേണ്ടതാണ്.

## സാഹസികമായ കുടിയേറ്റം

ഈ നൂറ്റാണ്ടിൻെറ ആദ്യ പകുതിയിൽ ഹൈറേഞ്ചിലേക്കും മലബാറിലേക്കും കുടിയേറിയ ക്രിസ്ത്യാനികൾ സാഹസികമായ അധ്വാനത്തിലൂടെ കേരളത്തിൻെറ വികസന ചരിത്രത്തിൽ പുതിയൊരധ്യായം സൃഷ്ടിച്ചു. കുടിയേറ്റം കുടിയേറിയിടത്തു സാംസ്കാരിക സങ്കലനത്തിനു വഴിയൊരുക്കി. സാഹസികയാത്രകളിൽ അവരെ പിന്തുണച്ചത് മത വിശ്വാസമാണ്. അതുകൊണ്ട് കുടിയേറ്റ മേഖലകളിൽ അവർ പള്ളികൾ പടുത്തുയർത്തി. വിദ്യാഭ്യാസത്തിലുള്ള ജാഗ്രതകൊണ്ട് പള്ളിക്കൂടങ്ങളും നിർമ്മിച്ചു. കുടിയേറ്റ മേഖലയിൽ കുടിയേറ്റക്കാരുടെ കൃഷിയും വിദ്യാലയങ്ങളും പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. ഈ നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ ഏറ്റവും വികസനോൻമുഖമായ ചലനങ്ങളിലൊന്നായി കുടിയേറ്റത്തെ പരിഗണിക്കാം. പരിസ്ഥിതിയിലും



ടി.എം വറുഗീസ്

ആദിവാസി സമൂഹത്തിലും മറ്റുമുണ്ടായ ദോഷകരമായ ഫലങ്ങൾ അവഗണിക്കാനും നിവൃത്തിയില്ല.

ക്രൈസ്തവ സമൂഹങ്ങളുടെ ഒത്ത നടുവിൽ നിന്നു കുടി പുറപ്പെട്ട് അന്യദേശത്തു അന്യമതക്കാരുടെ നടുവിൽ ചെന്നുപെട്ട ക്രൈസ്തവർക്കു ലഭിച്ച പുതിയ അനുഭവങ്ങൾ കേരള ക്രൈസ്തവരുടെ ലോക ബോധത്തെ വികസിപ്പിച്ചിട്ടുണ്ടെന്നതു തീർച്ച. ഭാഷയിലും പെരുമാറ്റത്തിലുമുണ്ടായ മാറ്റം കുടിയേറ്റക്കാരുടെ സാമ്പത്തിക വികാസവുമായി ഇണങ്ങിയപ്പോൾ ക്രൈസ്തവ സമൂഹത്തിൽ തന്നെ അതു വീക്ഷണ വ്യതിയാനങ്ങളുണ്ടാക്കി. ലോകബോധം, ജീവിതാദർശം എന്നിവയിൽ കേരള സമൂഹത്തിലാകെ കുടിയേറ്റമുണ്ടാക്കിയ വ്യതിയാനങ്ങൾ ചിട്ടയായി പഠിച്ചെടുക്കേണ്ടിയിരിക്കുന്നു.

ഏതായാലും കേരള ക്രൈസ്തവരുടെ ചരിത്രത്തെ കേരള ക്രൈസ്തവ സഭകളുടെ ചരിത്രമാക്കി വായിക്കുകയും പഠിക്കയും വിധിക്കയും ചെയ്യുന്ന ശീലം മാറേണ്ടതാണ്. സാമൂഹിക, സാമ്പത്തിക സാംസ്കാരിക പ്രവണതകൾ മുൻനിറുത്തി കേരളത്തിലെ പ്രാദേശിക സമൂഹത്തിൻെറ ഉപസമൂഹമായി അവരെ മനസിലാക്കാനും വിശദീകരിക്കാനും ശീലിക്കേണ്ടിയിരിക്കുന്നു.

അക്ഷരങ്ങളുടെ ആയുധശാല

ഏറ്റവും മികച്ച പുസ്തകങ്ങൾ
ഏത് പ്രസാധകന്റേയും പുസ്തകങ്ങൾ
ഒട്ടേറെ സൗജന്യങ്ങൾ

C.I.C.C. BOOK HOUSE
Press Club Road
Ernakulam - 682 011
Phone : 353557,355658

അക്ഷരലോകത്ത് 36 വർഷം